# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

. നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 992 — 12.06.2014 ൽ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിലെ ആദായകരമല്ലാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ സ്കൂളുകളെ ആദായകരമായവയെന്നും ആദായകരമല്ലാത്തതെന്നും വേർതിരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (എ) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V, ചട്ടം 22എ പ്രകാരം ഒരു ക്ലാസ്സിൽ ശരാശരി 25 ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയും, തമിഴ് കന്നട മീഡിയം പഠിപ്പിക്കുന്ന സ്കൂളുകളിൽ ഒരു ക്ലാസ്സിൽ 15 ൽ താഴെ കുട്ടികളുമാണെങ്കിൽ പ്രസ്തുത സ്കൂളുകളെ നിലനിൽക്കാൻ വേണ്ടത്ര കുട്ടികൾ ഇല്ലാത്തതായി കണക്കാക്കുന്നതാണ്. ഈ മാനദണ്ഡ പ്രകാരമാണ് ആദായകരമല്ലാത്ത സ്കൂളുകളെ കണ്ടെത്തുന്നത്. |
| (ബി) ആലപ്പുഴ ജില്ലയിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകൾ നിലവിലുണ്ട്; എൽ.പി., യു.പി., എച്ച്.എസ്. എന്നിവ തിരിച്ച് വ്യക്തമാക്കാമോ; | (ബി) 2012-2013 വർഷത്തെ കണക്കനുസരിച്ച് ആലപ്പുഴ ജില്ലയിൽ ആദായകരമല്ലാത്ത 378 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ എൽ.പി. - 287, യു.പി. - 74, എച്ച്.എസ്.-17 എന്നിങ്ങനെയാണ്. |
| (സി) അമ്പലപ്പുഴ മണ്ഡലത്തിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട്; അവയുടെ പേരുസഹിതം വിശദമാക്കാമോ; | (സി) അമ്പലപ്പുഴ മണ്ഡലത്തിലെ ആദായകരമല്ലാത്ത സ്കൂളുകളുടെ പട്ടിക ചുവടെ പറയും പ്രകാരമാണ്.<br>1. ഗവ. മുഹമ്മദൻസ് എച്ച്.എസ്. എൽ.പി.എസ്.<br>2. മുസ്ലീം എൽ.പി.ജി.എസ്., പുന്നപ്ര |

3. വൈ.എം.എം.എ.എൽ.പി.എസ്. ആലപ്പുഴ
4. മുല്ലക്കൽ സി.എം.എസ്.എൽ.പി. എസ്., ആലപ്പുഴ.
5. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്., ആലപ്പുഴ.
6. ഗവ. എൽ.പി.എസ്., അമെയിഡ
7. ഗവ. ന്യൂ എൽ.പി. എസ് പുറക്കാട്
8. ഗവ. എൽ.പി.എസ്., അമ്പലപ്പുഴ
9. ഗവ. എൽ.പി.എസ്., കാരൂർ
10. ഗവ. എൽ.പി.എസ്, തോട്ടപ്പള്ളി
11. സെന്റ് നിക്കോളാസ് എൽ.പി.എസ്., കരുമാടി
12. എസ്.എൻ.എൽ.പി.എസ്. അമ്പലപ്പുഴ
13. കഞ്ഞിപ്പാടം എൽ.പി.എസ്.,
14. കോമന എൽ.പി.എസ്., അമ്പലപ്പുഴ

| | |
|---|---|
| (ഡി) ആദായകരമല്ലാത്ത ഏതെങ്കിലും സ്കൂളുകൾ അമ്പലപ്പുഴ മണ്ഡലത്തിൽ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) ഉദ്ദേശിക്കുന്നില്ല. |

Chitra

സെക്ഷൻ ഓഫീസർ